**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1214** **30-06-2026-ൽ മറുപടിയ്ക്ക്**

**സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. ടി. സിദ്ദീഖ്

ശ്രീ. സുധീർഷാ പാലോട് (കൃഷി വകുപ്പ് മന്ത്രി)

ശ്രീ. എം. ആർ. ബൈജു

**(എ)** സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു.

2026-27 സാമ്പത്തിക വർഷത്തിൽ സ്കൂളുകളിൽ വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും പ്രകൃതിസൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി "കതിര്" കാർഷിക ക്ലബുകൾ (Kerala Agriculture Technology Heritage and Innovation for Rural Understanding) രൂപീകരിക്കുന്നതു പരിഗണിക്കുന്നു.

2026-27 സാമ്പത്തിക വർഷത്തിൽ സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം-പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം.**

പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയും സുരക്ഷിത പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം പരിപാടിയുടെ ഭാഗമായി 100/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങൾ അടങ്ങിയ സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 3/- രൂപ വില വരുന്ന പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം നടത്തുന്നു. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 10/- രൂപ വില വരുന്ന 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വില വരുന്ന പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്യുന്നു. കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകൾ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, നാഷണൽ സീഡ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും, പച്ചക്കറി തൈകൾ കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കേരള കാർഷിക സർവ്വകലാശാല, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ ഏജൻസികളാണ് വിതരണത്തിന് തയ്യാറാക്കുന്നത്.

**പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം.**

ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ പോഷകത്തോട്ടങ്ങൾ രൂപീകരിക്കുന്നതിന് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക തുടങ്ങിയ ഇനം പച്ചക്കറി തൈകളും, പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ഡോളോമൈറ്റ്, ജൈവ കീടനാശിനി എന്നിവ അടങ്ങിയ 800/- രൂപയുടെ ഒരു യൂണിറ്റ് 500/- രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്നു.

**സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി.**

സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു.

**കതിര് - വിദ്യാലയങ്ങളിൽ കാർഷിക ക്ലബ്ബ് രൂപീകരണം.**

സ്കൂൾ വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താൽപര്യം വളർത്തുന്നതിനും പ്രകൃതിസൗഹൃദ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി കാർഷിക ക്ലബുകൾ രൂപീകരിക്കുന്നു. ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം എന്നിവ ഉറപ്പാക്കാൻ വിദ്യാർത്ഥികളിൽ കാർഷിക അവബോധവും പ്രകൃതിസ്നേഹവും വളർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ഈ ലക്ഷ്യം മുൻനിർത്തി കൃഷി വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി രൂപീകരിക്കുന്ന ഒരു വിദ്യാർത്ഥി കാർഷിക ക്ലബ്ബാണ് "കതിര്" (KATHIRU – Kerala Agriculture Technology Heritage and Innovation for Rural Understanding). കാർഷിക സാങ്കേതികവിദ്യ, പാരമ്പര്യ കാർഷിക അറിവ്, നവീന ആശയങ്ങൾ, പരിസ്ഥിതി സംരക്ഷണം, ഗ്രാമീണ വികസനം എന്നിവയെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളെ ഭാവിയിലെ ഉത്തരവാദിത്തമുള്ള പൗരന്മാരാക്കി വളർത്തുക എന്നതാണ് കതിരിന്റെ ദൗത്യം.

**വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി –** വാണിജ്യ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 10 മുതൽ 15 വരെ കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് 1.25 ലക്ഷം രൂപ ധനസഹായം നൽകികൊണ്ടുള്ള പദ്ധതി ഘടകമാണിത്. പൊതു അല്ലെങ്കിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള തരിശുഭൂമികളിൽ പച്ചക്കറി കൃഷി നടത്തുന്ന കർഷക ക്ലസ്റ്ററുകൾ, വനിതാ ഗ്രൂപ്പുകൾ, എന്നിവരും പദ്ധതിയിൽ പങ്കാളികളാകുന്നു.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകുന്നു.

**പരിശീലന പരിപാടികൾ**

സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായി കൃഷി ഭവൻ തലത്തിൽ കർഷകർക്ക് കൃഷിയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു.

**(ബി)** സംസ്ഥാനമൊട്ടാകെ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായി വീട്ടുവളപ്പുകളിൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക തുടങ്ങിയ ഇനം പച്ചക്കറി തൈകളും, പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ഡോളോമൈറ്റ്, ജൈവ കീടനാശിനി എന്നിവ അടങ്ങിയ 800/- രൂപയുടെ ഒരു യൂണിറ്റ് 500/- രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. കൂടാതെ പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷി ചെയ്യുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയവയും നൽകിയിട്ടുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു.

**(സി)** സ്ഥലപരിമിതിയുള്ള കർഷകർക്ക് മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**<u>മറുപടി:</u>** സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയിൽ മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ലക്ഷ്യമിട്ടിരിക്കുന്നു.

സ്ഥലപരിമിതിയുള്ള നഗര പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിക്കായി ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി / HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**